# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3973 | 25/06/2014-ൽ മറുപടിക്ക്

## കെ.എസ്.ഡി.പി.യെ സംരക്ഷിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആവശ്യമനുസരിച്ച് പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി. നിർമ്മിച്ച മരുന്നുകൾ കോർപ്പറേഷൻ ഏറ്റെടുക്കാതെ തിരിച്ചയച്ചതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കോർപ്പറേഷന്റെ പർച്ചേസ് ഓർഡറിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചു സപ്ലൈ ചെയ്ത മരുന്നുകളൊന്നും തന്നെ തിരിച്ചയച്ചിട്ടില്ല. മാനദണ്ഡങ്ങൾ പാലിക്കാതെ സപ്ലൈ ചെയ്യുന്ന മരുന്നുകൾ കോർപ്പറേഷന്റെ വെയർഹൗസുകളിൽ സ്വീകരിക്കാറില്ല. |
| (ബി) | എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | 2014-15 സാമ്പത്തിക വർഷത്തെ കോർപ്പറേഷന്റെ ടെണ്ടർ വ്യവസ്ഥ പ്രകാരം കോർപ്പറേഷന് നൽകുന്ന മരുന്നുകൾക്ക് കുറഞ്ഞത് 85% കാലാവധി (ഷെൽഫ് ലൈഫ്) ഉണ്ടായിരിക്കണമെന്നും, നൽകുന്ന മരുന്നുകളുടെ ഓരോ ബാച്ചും എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ഉള്ള ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തിയ സർട്ടിഫിക്കറ്റുകൾ നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം നൽകിയ ഓർഡർ പ്രകാരം പ്രസ്തുത മാനദണ്ഡം പാലിക്കാതെ സപ്ലൈ ചെയ്ത മരുന്നുകൾ വെയർഹൗസുകൾ തിരിച്ചയക്കുകയുണ്ടായി. എന്നാൽ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി.യെ സഹായിക്കുന്നതിന്റെ ഭാഗമായി 2014-15 സാമ്പത്തിക വർഷത്തെ കോർപ്പറേഷൻ ടെണ്ടറിന് മുമ്പ് കെ.എസ്.ഡി.പി. ഉൽപ്പാദനം പൂർത്തിയാക്കിയ മരുന്നുകളിൽ 12 മാസത്തിൽ കൂടുതൽ കാലാവധിയുള്ളതും എൻ.എ.ബി.എൽ ലാബ് പരിശോധനാ സർട്ടിഫിക്കറ്റ് ഇല്ലാത്തതുമായ 9 ഇനം മരുന്നുകൾ കെ.എസ്.ഡി.പി.യിൽ നിന്നും വാങ്ങുവാൻ ഡയറക്ടർ ബോർഡ് അനുമതി നൽകുകയും അവ സ്വീകരിക്കുവാൻ വെയർഹൗസുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു. |
| (സി) | വില കുറഞ്ഞതും ഗുണനിലവാരം കൂടിയതുമായ ഈ മരുന്നുകൾ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് | (സി) | ഗുണനിലവാരം നിലനിറുത്തുന്നതിന്റെ ഭാഗമായാണ് കോർപ്പറേഷന് നൽകുന്ന മരുന്നുകളുടെ ഓരോ ബാച്ചും എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ഉള്ള ലാബിൽ പരിശോധിച്ച് |

| | | | |
|---|---|---|---|
| | നിരസിക്കുകയും കൂടിയ വിലയ്ക്ക് സ്വകാര്യ കമ്പനികളിൽ നിന്ന് ലോക്കൽ പർച്ചേസിലൂടെ ഇതേ മരുന്നുകൾ വാങ്ങാൻ അവസരമൊരുക്കുകയും ചെയ്യുന്ന ചില ഉന്നതോദ്യോഗസ്ഥരുടെ ഗൂഢാലോചനയാണ് ഇതിന് പിന്നിലെന്ന പരാതി പരിശോധിക്കുമോ ; | | ഗുണനിലവാരം ഉറപ്പു വരുത്തിയതായിരിക്കണമെന്ന വ്യവസ്ഥ 2014-15 സാമ്പത്തിക വർഷത്തെ ടെണ്ടറിൽ ഉൾക്കൊള്ളിച്ചത്. എല്ലാ മരുന്നു വിതരണക്കാർക്കും ഈ നിബന്ധന ബാധകമാണ്. കെ.എസ്.ഡി.പി.യിൽ നിന്നും വാങ്ങുന്ന മരുന്നുകൾക്ക് കോർപ്പറേഷന്റെ ടെണ്ടറിലൂടെ ലഭിക്കുന്ന ഏറ്റവും കുറഞ്ഞ വില (എൽ-1) യുടെ മേൽ 15% അധികം നൽകിയാണ് വാങ്ങുന്നത്. അതായത് സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി.യിൽ നിന്നും പല മരുന്നുകളും വാങ്ങുന്നത്. മറ്റ് സ്വകാര്യ മേഖല കമ്പനികൾക്ക് നൽകുന്നതിനെക്കാൾ അധികം തുക നൽകിയാണ്. |
| (ഡി) | പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി.യെ സംരക്ഷിക്കുവാനും ഖജനാവിൽ നിന്നും കൂടുതൽ വില നൽകി മരുന്ന് വാങ്ങുന്നതു വഴിയുള്ള നഷ്ടം തടയാനും കെ.എസ്.ഡി.പി.യിൽ നിന്ന് തന്നെ മരുന്നുകൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (ഡി) | കെ.എസ്.ഡി.പി.യുടെ ആന്റി ബയോട്ടിക് മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്ന ബീറ്റാലാക്ടം പ്ലാന്റിനു മാത്രമേ ജി.എം.പി. (Good Manufacturing Practice) സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളൂ എങ്കിലും സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി.യിൽനിന്നും മറ്റു മരുന്നുകളും വാങ്ങി വരുന്നു്. ടെണ്ടറിലൂടെ ലഭ്യമാകുന്ന എൽ-1 വിലയെക്കാൾ 15% അധികം നൽകിയാണ് കെ.എസ്.ഡി.പി.യിൽ നിന്നും മരുന്നു വാങ്ങുന്നത്. |
| (ഇ) | കെ.എസ്.ഡി.പി.യിൽ ലഭ്യമല്ലെന്ന് ഉറപ്പു വരുത്തിയ ശേഷം മാത്രം സ്വകാര്യ കമ്പനികളിൽ നിന്ന് മരുന്നുകൾ വാങ്ങാൻ നടപടികൾ സ്വീകരിക്കുമോ ? | (ഇ) | 2011-12 കാലയളവിൽ കെ.എസ്.ഡി.പി. സപ്ലൈ ചെയ്യാൻ തയ്യാറായ 53 ഇനം മരുന്നുകൾക്ക് ഇൻഡന്റിന്റെ 65% ഓർഡർ നൽകുകയും ബാക്കി 35% മാത്രം ടെൻഡറിലൂടെ വാങ്ങിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഇവയുടെ സപ്ലൈ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ പ്രസ്തുത മരുന്നുകൾക്ക് സംസ്ഥാനത്ത് കടുത്ത ക്ഷാമം നേരിട്ടു. ആയതിനാൽ പിന്നീടുള്ള വർഷങ്ങളിൽ കെ.എസ്.ഡി.പി.ക്കു സപ്ലൈ ചെയ്യാൻ കഴിയുന്ന ഇനങ്ങളുടെ 30% ഓർഡർ നൽകാൻ തീരുമാനിക്കുകയാണുണ്ടായത്. |

സെക്ഷൻ ഓഫീസർ